## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1118** | **20.03.2012-ൽ മറുപടി നൽകേണ്ടത്**

## ഭൂമിയുടെ ന്യായവില നിർണ്ണയം

| **ചോദ്യം**<br>ശ്രീ എം. ഉമ്മർ എം.എൽ.എ | **മറുപടി**<br>ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ബഹു.റവന്യൂമന്ത്രി |
|---|---|
| (എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭൂമിയുടെ ന്യായവില നിർണ്ണയത്തിൽ വന്നിട്ടുള്ള അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) മഞ്ചേരി, നറുകര എന്നീ വില്ലേജുകളിലെ ഫെയർവാല്യൂ നിർണ്ണയത്തിലെ അപാകതകൾ സംബന്ധിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) മഞ്ചേരി, നറുകര എന്നീ വില്ലേജുകളിലെ ഫെയർവാല്യൂ പുനർനിർണ്ണയത്തിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ജില്ലാ കളക്ടറേറ്റിൽ ലഭിക്കുന്ന അപ്പീൽഹർജികളിന്മേൽ സ്ഥലം പരിശോധന നടത്തി സ്ഥലം ഉടമയെ നേരിൽകേട്ട് അപ്പീൽ ഹർജി തീർപ്പാക്കിവരുന്നുമുണ്ട്. |
| (സി) പ്രസ്തുത പരാതിയിന്മേൽ നടപടി സ്വീകരിച്ച് പരിഹാരം കണ്ടെത്തുന്നതിനുള്ള കാലതാമസം ഒഴിവാക്കുമോ? | (സി) അപ്പീൽ ഹർജിയിന്മേൽ അടിയന്തിര നടപടി സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ